12
ജൂലായ്
2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 004



# 'ഹർഷം' വയോജന പരിചരണ പദ്ധതി വൻ വിജയത്തിലേക്ക്

വയോജനങ്ങൾക്ക് സാന്ത്വനം ഉറപ്പാക്കുന്ന 'ഹർഷം' ഹാപ്പിനെസ് റീഡിഫൈൻഡ് എന്ന കുടുംബശ്രീയുടെ പുതിയ പദ്ധതി വൻ വിജയത്തിലേക്ക്. വയോജന പരിചരണ മേഖലയിൽ സേവന സദ്ധതയോടെ പ്രവർത്തിക്കുന്നവരുടെ ആവശ്യകത വർധിച്ചു വരുന്ന സാഹചര്യത്തിൽ കുടുംബശ്രീ മുഖേന പരിശീലനം ലഭിച്ച വനിതകൾക്ക് തുടക്കത്തിൽ തന്നെ പ്രതിമാസം ഇരുപതിനായിരം രൂപ വരെ ശമ്പളം വാഗ്ദാനം ചെയ്ത് വിവിധ ഏജൻസികൾ രംഗത്തെത്തി. ഈ രംഗത്തെ സേവനദാതാക്കളായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിൽ, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ (ഹാപ്), എന്നിവയുമായി ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വയോജന പരിചരണ മേഖലയിൽ ഈ വർഷം ആയിരം വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

'ഹർഷം' വയോജന പരിചരണ (ജെറിയാട്രിക് കെയർ) പദ്ധതിയിലൂടെ മുതിർന്ന തലമുറയ്ക്ക് ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള ആവശ്യമായ സേവനങ്ങൾ തികച്ചും പ്രഫഷണൽ രീതിയിൽ ആശുപത്രികളിലോ വീടുകളിലോ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആശുപത്രികളിലും വീടുകളിലും രോഗികൾക്ക് കൂട്ടിരുപ്പ് പരിചരണം, കൃത്യമായ ഇടവേളകളിൽ ആഹാരം, മരുന്ന് നൽകൽ, വീടുകളിലെത്തി ഷുഗർ, രക്തസമ്മർദം എന്നിവയുടെ പരിശോധന, കൂടാതെ കിടപ്പു രോഗികൾക്ക് കിടക്ക

## പരിശീലനം നേടിയവർക്ക് 20000 രൂപ വരെ ശമ്പള വാഗ്ദാനം

വൃത്തിയാക്കൽ, കുളിപ്പിക്കൽ, മരുന്നു നൽകൽ എന്നിവ ഉൾപ്പെടെ ആവശ്യാധിഷ്ഠിത സേവനങ്ങൾ, ബിൽ കൊടുക്കൽ, വൈദ്യ പരിശോധന എന്നിവയ്ക്ക് കൂട്ടു പോകൽ തുടങ്ങിയവയാണ് പദ്ധതി വഴി ലഭ്യമാകുന്ന സേവനങ്ങൾ.

വയോജനങ്ങൾക്ക് അവർക്കാവശ്യമുള്ള പരിചരണം അവശ്യസമയത്ത് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും തിരഞ്ഞെടുത്ത 69 പേർ ഇതിനകം റെസിഡൻഷ്യൽ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഇതിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നിംസ് മെഡിസിറ്റിയുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിൽ പരിശീലനം നൽകിയ പതിനേഴ് വനിതകൾക്ക് 'ആശ' ജെറിയാട്രിക് കെയർ, ഫാമിലി പ്ളാനിങ്ങ് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവിടങ്ങളിലായി പതിനേഴായിരം രൂപ ശമ്പളത്തോടെ ജോലി വാഗ്ദാനം ലഭിച്ചു. പരിശീലന പരിപാടി പൂർത്തിയാകും മുമ്പു തന്നെ വിവിധ ജില്ലകളിൽ നിന്നും നിരവധി ആശുപത്രികളും ജെറിയാട്രിക് കെയർ സ്ഥാപനങ്ങളും വ്യക്തികളും വയോജന പരിചരണത്തിനും രോഗീപരിചരണത്തിനും സേവനദാതാക്കളെ ലഭിക്കുന്നതിനായി കുടുംബശ്രീയെ സമീപിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ പരിപാടിയുടെ ഉദ്ഘാടനം നെയ്യാറ്റിൻകര നഗരസഭാ അധ്യക്ഷ ഡബ്ളിയു.ആർ ഹീബ നിർവഹിച്ചു. നിംസ് മെഡിസിറ്റി മാനേജിങ്ങ് ഡയറക്ടർ എം.എസ്. ഫൈസൽ ഖാൻ അധ്യക്ഷത വഹിച്ചു. സർട്ടിഫിക്കറ്റ് വിതരണവും മുഖ്യപ്രഭാഷണവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നിർവഹിച്ചു. 'ആശ' ജെറിയാട്രിക് കെയർ മാനേജിങ്ങ് ഡയറക്ടർ സതി, ഫാമിലി പ്ളാനിങ്ങ് അസോസിയേഷൻ ഓഫ് ഇന്ത്യ ഉപാധ്യക്ഷൻ കെ.കെ.ഷിബു എന്നിവർ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള ജോബ് ഓഫർ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറിനു കൈമാറി. നിംസ് മെഡിസിറ്റി ജനറൽ മാനേജർ ഡോ. സജു സ്വാഗതം പറഞ്ഞു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ വിമൽ രവി ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ. ഷൈജു നന്ദി പറഞ്ഞു.

# കൊച്ചി മെട്രോ– കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന് കെ.എം.എ എക്സലൻസ് അവാർഡ്

നൂതനവും ക്രിയാത്മകവുമായ രീതിയിൽ മാനവവിഭവശേഷിയെ ഉപയോഗിച്ചതിലൂടെ അറുനൂറിലേറെ സ്ത്രീകൾക്ക് തൊഴിൽ നൽകുകയും അതു വഴി ലോകത്തിലെ തന്നെ ആദ്യത്തെ വനിതാ മെട്രോ എന്ന ഖ്യാതി കൊച്ചി മെട്രോയ്ക്ക് നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്ത കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന് കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) അവാർഡ്. 2018 ലെ ''ഇന്നൊവേറ്റീവ് എച്ച്.ആർ. ഇനീഷ്യേറ്റീവ്'' വിഭാഗത്തിലെ എക്സലൻസ് അവാർഡ് എറണാകുളം ലേ മെറിഡിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ കെ.എം.എ സംസ്ഥാന പ്രസിഡന്റ് വിവേക് ഗോവിന്ദിൽ നിന്നും ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ പ്രോജക്ട് മാനേജർ ദിൽരാജ് കെ.ആർ സ്വീകരിച്ചു. ശിൽപ്പവും പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്.

കൊച്ചി മെട്രോയോടനുബന്ധിച്ചുള്ള പതിനാറു സ്റ്റേഷനുകളിൽ ഓഫീസ് നിർവഹണം മുതൽ പാർക്കിങ്ങ് വരെയുള്ള ജോലികൾ ചെയ്യുന്നത് കുടുംബശ്രീ വനിതകളാണ്. ഇതോടൊപ്പം തന്നെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ട പതിമൂന്നു പേർക്കും കൊച്ചി മെട്രോയിൽ ജോലി നൽകിയിരുന്നു. ഇപ്രകാരം പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമൂഹിക അംഗീകാരം നേടിക്കൊടുക്കുന്നതിൽ മാതൃകയായതിനും ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർ ജോലി ചെയ്യുന്ന ലോകത്തിലെ ആദ്യത്തെ മെട്രോ എന്നതും കൂടി പരിഗണിച്ചാണ് അവാർഡ്.

ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിംഗ്, കസ്റ്റമർ കെയർ സർവീസ്, ഹെൽപ് ഡെസ്ക്, കസ്റ്റമർ ഫെസിലിറ്റേഷൻ സർവീസ്, പൂന്തോട്ടം-പച്ചക്കറി തോട്ട നിർമാണം, കിച്ചൺ, കാന്റീൻ, പാർക്കിങ്ങ് എന്നീ വിഭാഗങ്ങളിൽ പുലർത്തുന്ന അന്താരാഷ്ട്ര നിലവാരമുള്ള മികവും പരാതിരഹിതമായ സേവനസദ്ധതയും അവാർഡ് ലഭിക്കുതിൽ ഗണ്യമായ പങ്കു വഹിച്ചു.




2017 ജൂണിലാണ് കൊച്ചി മെട്രോ പ്രവർത്തനം ആരംഭിച്ചത്. ആലുവ, പുളിഞ്ചുവട്, കമ്പനിപ്പടി, അമ്പാട്ടുകാവ്, മുട്ടം, കളമശ്ശേരി, കുസാറ്റ്, പത്തടിപ്പാലം, ഇടപ്പള്ളി, ചങ്ങമ്പുഴ, പാലാരിവട്ടം, ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ, ലിസി, മഹാരാജാസ് വരെയുള്ള പതിനാറു മെട്രോ സ്റ്റേഷനുകളിലെ വിവിധ വിഭാഗങ്ങളിൽ ഇപ്പോൾ അറുനൂറ്റി ഏഴ് കുടുംബശ്രീ വനിതകൾ ജോലി ചെയ്യുന്നുണ്ട്. കുടുംബശ്രീ രൂപീകരിച്ച ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ വഴി ഏറ്റവും യോഗ്യരായ കുടുംബശ്രീ കുടുംബാംഗങ്ങളെ തിരഞ്ഞെടുത്ത് മികച്ച പരിശീലനം നൽകിയാണ് കൊച്ചി മെട്രോയിൽ ജോലിക്കു നിയോഗിച്ചത്.

# ഓണമാഘോഷിക്കാൻ 'പായസം ഓൺ വീൽസ്' കോഴിക്കോട് റെഡി




ഈ വർഷത്തെ ഓണം ഗംഭീരമാക്കാൻ കോഴിക്കോട് ജില്ലാ മിഷന്റെ നേതൃത്വത്തിൽ പായസം ഓൺ വീൽസ്- പായസ മേള മാനാഞ്ചിറ ലൈബ്രറിക്ക് സമീപം ആരംഭിച്ചു. വിൽപ്പനയ്ക്കായി പ്രത്യേകം തയാറാക്കിയ വാനിൽ ജൂൺ 29 മുതലാരംഭിച്ച പായസ വിൽപ്പന തകൃതിയായി മുന്നേറുന്നു. മുളയരി പായസം, പാലട, ചെറുപയർ, പരിപ്പ് പായസങ്ങളാണ് വിൽപ്പനയ്ക്കുള്ളത്. നവജ്യോതി കുടുംബശ്രീ യൂണിറ്റിലെ സിബിത, ജയ, ഉഷ, രാധിക, സുഹറ, ഐഷ എന്നിവർ പായസ മേളയ്ക്ക് ചുക്കാൻ പിടിക്കുന്നു. ഏറെ ആവശ്യക്കാരുള്ള മുളയരി പായസത്തിനുള്ള മുളയരി വയനാട്ടിലെ ഉറവ് ആദിവാസി സൊസൈറ്റിയിൽ നിന്നാണ് വാങ്ങുന്നത്.

കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന് സമീപം രുചിപ്പുരയെന്ന പേരിൽ നവജ്യോതി യൂണിറ്റ് ഒരു ഹോട്ടലും നടത്തുന്നുണ്ട്. ഇത് കൂടാതെ നഗരത്തിൽ അങ്ങോളമിങ്ങോളവും കെഎസ്ആർടിസി, സ്വകാര്യ ബസ് സ്റ്റാൻഡുകൾക്ക് സമീപവും പാഴ്സൽ ഊണ് നൽകുന്ന സംരംഭവും ഈ യൂണിറ്റിന്റേതായുണ്ട്.

# റൊഹിങ്ക്യ അഭയാർത്ഥികൾക്ക് സഹായഹസ്തമേകി കുടുംബശ്രീ

സമൂഹത്തിന്റെ നാനാതുറകളിൽ മുദ്ര പതിപ്പിച്ച കുടുംബശ്രീ, റൊഹിങ്ക്യൻ അഭയാർത്ഥികൾക്കും സഹായഹസ്തം നീട്ടി. കോഴിക്കോട് നിന്നുള്ള കുടുംബശ്രീ സംഘം ഡൽഹിയിലെ റൊഹിങ്ക്യൻ അഭയാർത്ഥി ക്യാമ്പിൽ സന്ദർശനം നടത്തി, 500 ജോടി വസ്ത്രങ്ങളും 30 ചാക്ക് ഭക്ഷ്യ ധാന്യങ്ങളുൾപ്പെടെയുള്ള അവശ്യ വസ്തുക്കളും വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ ഇവർക്ക് നൈപുണ്യ പരിശീലന പരിപാടിയും ഉടൻ ആരംഭിക്കും. കുടുംബശ്രീയുടെ എക്സാഥ് ട്രെയ്നിങ് ടീം തയ്യൽ, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, തുണി- പേപ്പർ ബാഗ് നിർമ്മാണം എന്നിവയിലാണ് പരിശീലനം നൽകുക.

കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായ റംസി ഇസ്മൈലിന്റെ നേതൃത്വത്തിൽ 13 അംഗ സംഘമാണ് ജൂൺ 28 മുതൽ ജൂലൈ രണ്ട് വരെയുള്ള ദിവസങ്ങളിൽ അഭയാർത്ഥി ക്യാമ്പിൽ സന്ദർശനം നടത്തിയത്. കാളിന്ദി കുഞ്ജിലെ 54, ഫരീദാബാദിലെ 38, മജ്നൂദിഗാവിലെ 42, മിർസാപുരിലെ 17 വീതം കുടുംബങ്ങളെയാണ് സംഘം സന്ദർശിച്ചത്. സിഡിഎസ് അധ്യക്ഷമാരും എക്സാഥ് ട്രെയിനിങ് സെന്റർ അംഗങ്ങളും സംഘത്തിലുണ്ടായിരുന്നു.

കോഴിക്കോട് കോർപ്പറേഷനും കുടുംബശ്രീ ജില്ലാ മിഷനും ചേർന്ന് സംയുക്തമായി ആരംഭിക്കുന്ന മഹിളാ മാൾ വഴിയാകും നൈപുണ്യ പരിശീലനം വഴി നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുക. അഭയാർത്ഥി ക്യാമ്പിൽ കുടിവെള്ളം, ശൗചാലയ സംവിധാനങ്ങൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നതിനെക്കുറിച്ചും അഭയാർത്ഥി കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകേണ്ടതിനെക്കുറിച്ചും കേന്ദ്ര ആരോഗ്യ, കുടുംബക്ഷേമ മന്ത്രാലയത്തിന് കുടുംബശ്രീ സംഘം നിവേദനവും നൽകി.



# 25 കുടുംബശ്രീ വനിതകൾക്ക് കെൽട്രോണിൽ ജോലി

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ (കെൽട്രോൺ) 25 കുടുംബശ്രീ വനിതകൾക്ക് ജോലി നൽകും. 24 കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെയും ഒരു ക്ലീനിങ് സ്റ്റാഫിന്റെയും ഒഴിവിലേക്ക് കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയായിരുന്നു. 39 പേർ അപേക്ഷ നൽകി. ഇവരിൽ നിന്ന് അഭിമുഖം വഴി 25 പേരെ തെരഞ്ഞെടുക്കുകയും ഓഗസ്റ്റ് ഒന്നോട് നിയമനം പൂർത്തിയാക്കുകയും ചെയ്യും. എറണാകുളം കാക്കനാട്ടെ കെൽട്രോണിന്റെ ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമിലാകും നിയമനം.

25 ഒഴിവുകളുണ്ടെന്ന വിവരം കെൽട്രോണിൽ നിന്ന് കുടുംബശ്രീയിൽ അറിയിക്കുകയായിരുന്നു. എസ്എസ്എൽസി യോഗ്യതയുള്ള ടൈപ്പ്റൈറ്റിങ് അറിയാവുന്ന കുറഞ്ഞത് ആറ് മാസമെങ്കിലും ഡേറ്റ എൻട്രി ജോലി ചെയ്ത് പരിചയമുള്ളവരിൽ നിന്നാണ് കമ്പ്യൂട്ടർ ഓപ്പറേറ്റർ ജോലിക്കായി അപേക്ഷ ക്ഷണിച്ചത്. ഇതനുസരിച്ചുള്ള 39 പേരുടെ ലിസ്റ്റാണ് കുടുംബശ്രീ കെൽട്രോണിന് നൽകിയത്. രാവിലെ 6 മുതൽ ഉച്ചകഴിഞ്ഞ് 2 വരെയും ഉച്ചകഴിഞ്ഞ് 2 മുതൽ രാത്രി പത്ത് വരെയുമുള്ള രണ്ട് ഷിഫ്റ്റുകളിലാണ് ജോലി. കമ്പ്യൂട്ടർ ഓപ്പറേറ്റർക്ക് 13979 രൂപയും ക്ലീനിങ് സ്റ്റാഫിന് 12318 രൂപയുമാണ് ശമ്പളം. കൂടാതെ ഇഎസ്ഐ, പിഎഫ് ആനുകൂല്യങ്ങളും നൽകും.

ഐടി മേഖലയിൽ ഡേറ്റ എൻട്രി വിഭാഗത്തിൽ നിരവധി പേർക്ക് കുടുംബശ്രീ പരിശീലനം നൽകിയിരുന്നു. നോർക്ക, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ പരിശീലനം നേടിയ നിരവധി കുടുംബശ്രീ വനിതകൾ ജോലി ചെയ്യുന്നുണ്ട്.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com